आज़ादी का अमृत महोत्सव

# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 24 .9.2022 മുതൽ 28.9.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 38/2022,(76) വെള്ളിയാഴ്ച | തീയ്യതി 23/9/2022 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 24.09.2022 | 25.09.2022 | 26.09.2022 | 27.09.2022 | 28.09.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 2 | 0.1 | 1 | 3 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 73 | 73 | 73 | 73 | 73 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 6 | 8 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 340 | 340 | 320 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 2 | 5 | 5 | 8 | 8 |

**കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.**

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 സെപ്റ്റംബർ 24 | 2022 സെപ്റ്റംബർ 25 | 2022 സെപ്റ്റംബർ 26 | 2022 സെപ്റ്റംബർ 27 | 2022 സെപ്റ്റംബർ 28 |
|---|---|---|---|---|
| വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ | നേരിയ മഴ |

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)**

പൊതു നിർദേശങ്ങൾ : കൃഷിയിടങ്ങളിൽ പൊതുവെ നീർവാർച്ചസൗകര്യങ്ങൾ ഉറപ്പാക്കുക.
ആവശ്യമെങ്കിൽ മാത്രം മഴയില്ലാത്ത സമയത്ത് കീടനാശിനികൾ പശ ചേർത്ത് തളിക്കാവുന്നതാണ്.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് - വിരിപ്പ് കതിരു വന്ന പരുവം | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ 20 മില്ലി മത്തി ശർക്കര മിശ്രിതം അല്ലെങ്കിൽ 20 ഗ്രാം കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 10 മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ 2 മില്ലി മാലത്തയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മരുന്നുതളി പരാഗണത്തിനെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ രാവിലെ 9 മണിക്ക് മുൻപോ, വൈകീട്ട് 3 മണിക്ക് ശേഷമോ ചെയ്യേണ്ടതാണ്. |
| കുരുമുളക് | ദ്രുതവാട്ടം | മുൻകരുതലായി ട്രൈക്കോഡെർമ സമ്പുഷ്ട ചാണകം 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. അല്ലെങ്കിൽ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. രോഗം ബാധിച്ച വള്ളികൾ മുറിച്ച് കളഞ്ഞ് കൊടികളിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചെടിയുടെ തടത്തിൽ ഒഴിച്ച് കൊടുക്കുക. |
| ഇഞ്ചി | തണ്ടു തുരപ്പൻ | ഇഞ്ചിയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക |

മൃഗസംരക്ഷണം- കാലിത്തൊഴുത്തിലും പരിസരപ്രദേശങ്ങളിലും എലി ശല്ല്യം ഒഴിവാക്കുന്നതിനുള്ള കരുതൽ നടപടികൾ സ്വീകരിക്കുക. (CAADECCS, KVASU, Mannuthy).